മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 41 THE ONLINE OFFICIAL NEWS BULLETIN 2023 October 07

SEASON OF CROSS സ്ലീബാകാലം ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
8 4th Sunday after the Holy Cross ♪4	9 ♪8	10 ♪8	11 ♪4	12 168th Memorial of Cheppad Philipose Mar Dionysius Malankara Metropolitan (St. Gerorge Church, Cheppad) 43rd Memorial of Yuhanon Mar Athanasios OIC (Perunad Bethany Asram) ♪8  	13 ♪4	14 Comme. of St. Athanasios of Alexandria ♪8 



H.H. Baselius Marthoma Mathews III at USA Houston St. Mary's Orthodox Church on October 4, 2023.



വത്തിക്കാനിൽ നടക്കുന്ന ആഗോള കത്തോലിക്കാ സിനഡിൽ വത്തിക്കാന്റെ ക്ഷണിതാവായി എത്തിയ മലങ്കര ഓർത്തഡോക്സ് സഭയുടെ നിരീക്ഷക പ്രതിനിധി ഡോ. ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ മാർപാപ്പായെ സന്ദർശിച്ചു മലങ്കര സഭയുടെ നന്ദിയും ആശംസകളും അറിയിച്ചു.



Reception of His Holiness the Catholicos (Supreme Head of the Malankara Orthodox Syrian Church) at Detroit



പാത്താമുട്ടം സ്തേഫാനോസ് മാർ തേവോദോസിയോസ് മെമ്മോറിയൽ മിഷൻ സെന്ററിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന തിരുമേനിയുടെ ജന്മശതാബ്ദി പ്രവർത്തനങ്ങളും, മിഷൻ സെന്ററിന്റെ പത്താമത് വാർഷികവും തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ എ ഉദ്ഘാടനം ചെയ്തു. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വൈദിക സെമിനാരി മുൻ പ്രിൻസിപ്പാൾ ഫാ. ഡോ. കെ. എം. ജോർജ് മുഖ്യസന്ദേശം നൽകി.




പരിശുദ്ധ പരുമല തിരുമേനിയുടെ 121-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ചുള്ള പന്തൽ കാൽനാട്ട് കർമ്മം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

വിവാഹ ധനസഹായം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ നിർധനരായ യുവതികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ 2023 ഒക്ടോബർ 15-ന് മുമ്പായി ദേവലോകം കാതോലിക്കേറ്റ് ഓഫീസിൽ നൽകണമെന്ന് കാതോലിക്കേറ്റ് ഓഫീസിൽ നിന്നും അറിയിക്കുന്നു.

വിശ്വാസ പഠനം



കാർമ്മികന്റെ കൂടിവരവിലുള്ള അഭ്യർത്ഥനകളും കൈകഴുകൽ കർമ്മങ്ങളും

ഡോ. ഗീവർഗീസ് യൂലിയോസ് മെത്രാപ്പോലീത്താ

'വി. കുർബ്ബാന: പൗരസ്ത്യ ക്രൈസ്തവ സഭാ പാരമ്പര്യത്തിൽ' എന്ന ഡോ. ജോർജ് കോശി അച്ചന്റെ ഗ്രന്ഥത്തിന്റെ ഏഴാം അദ്ധ്യായത്തിന്റെ ഒരു ആസ്വാദന പഠനമാണ് ഈ ലേഖനം. മുപ്പത്തിമൂന്ന് പേജിൽ, എഴുപത്തഞ്ച് കുറിപ്പുകളോടെ നല്ലൊരു പഠനം നടത്തുവാൻ ബഹു. അച്ചന് സാധിച്ചിട്ടുണ്ട്.

1. അദ്ധ്യക്ഷസ്ഥാനിയുടെ ആരാധനാ സമൂഹത്തോടുള്ള അഭ്യർത്ഥന

ആരാധനാസന്ദർഭങ്ങളിൽ കാർമ്മികൻ താൻ അർപ്പിക്കുന്ന, നേതൃത്വം വഹിക്കുന്ന ആരാധനയിൽ, ദൈവകൃപ ഉണ്ടാകുവാൻ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും തന്നോട് പൊറുക്കണമെന്നും വിശ്വാസികളോട് അഭ്യർത്ഥിക്കുക എന്നത് ഏറെ പ്രാധാന്യം അർഹിക്കുന്ന അനുഷ്ഠാനമാണ്. പ്രധാനമായും വി. കുർബാനയിൽ മൂന്നു പ്രാവശ്യം ഇപ്രകാരം കാണുന്നു.

മേൽപട്ടസ്ഥാനികൾ ഉണ്ടെങ്കിൽ കാർമ്മികൻ ആദ്യം അവരോട് 'ബാറെക്മോർ' (അനുഗ്രഹിക്കണമെ!) പറഞ്ഞുകൊണ്ട് "പിതാവേ! മോചനം നൽകി അനുഗ്രഹിക്കണമെ" എന്നു പറഞ്ഞ് കൈമുത്തുകയോ, കൈകസ്തൂരി നൽകുകയോ ചെയ്തശേഷം വി. മദ്ബഹായുടെ പടിഞ്ഞാറെ ഭാഗത്ത് മധ്യത്തിൽ നിന്നുകൊണ്ട് ആരാധനാസമൂഹത്തോട് തന്നോട് ക്ഷമിക്കണമെന്നും തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ശിരസ്സ് നമിച്ചും കരങ്ങൾ നീട്ടിമലർത്തിയും അഭ്യർത്ഥിക്കുന്നത്.

ഇവയിൽ ആദ്യത്തേത്, തിരുശരീരരക്തങ്ങളുടെ അർപ്പണത്തിനായി കാർമ്മികൻ വി. മദ്ബഹായിലേക്ക് പ്രവേശിക്കുമ്പോഴാണ്. "ജീവനുള്ള പരിശുദ്ധ ബലി സഭയ്ക്കു മുഴുവനുംവേണ്ടി അണയ്ക്കുവാൻ ഞാൻ യോഗ്യനായി തീരേണ്ടതിന് നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ" എന്ന അപേക്ഷ ആത്മാർത്ഥമായി ചൊല്ലിയശേഷം മാത്രമെ വി. ത്രോണോസിലേക്ക് അടുക്കുവാൻ അവന് അനുവാദമുള്ളു. "കർത്താവ് അങ്ങയുടെ പ്രാർത്ഥന കേൾക്കുകയും ബലിയിൽ തിരുമനസ്സാകുകയും കുർബ്ബാന സ്വീകരിക്കുകയും അങ്ങയോടു കൂടെ ഞങ്ങളെയും അതിൽ സംബന്ധിപ്പിക്കുകയും ചെയ്യുമാറാകട്ടെ" എന്ന് വിശ്വാസികൾ അവിടെ കാർമ്മികന് അനുഗ്രഹം നൽകുകയും അവരുടെ സംബന്ധം അതിൽ ഉറപ്പാക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നുണ്ട്. അന്നഫുറാ ആരംഭിക്കുന്നതിനു മുമ്പും കാർമ്മികൻ വി. കുർബാന അനുഭവിക്കുന്നതിനു മുമ്പും അദ്ദേഹം പടിഞ്ഞാറോട്ട് തിരിഞ്ഞ് ഇതേ അഭ്യർത്ഥന വിശ്വാസസമൂഹത്തോട് നടത്തുന്നുണ്ട്. വിശ്വാസികൾ പ്രാർത്ഥന ആവർത്തിക്കുന്നില്ലെങ്കിലും അവർ ശിരസ്സു നമിച്ചും കരങ്ങൾ മലർത്തിയും അതിനോട് ശരീരഭാഷയിൽ പ്രതികരിക്കുന്നതും കാണാം.

തൂയോബൊയ്ക്ക് കയറുന്ന സമയത്ത് ഒരുപക്ഷേ അധികം വിശ്വാസികൾ ഇല്ലാത്തതുകൊണ്ടോ, നമസ്കാരത്തിന്റെ ഗാനങ്ങൾ വിശ്വാസികൾ ആലപിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടോ, കാർമ്മികർ തൂയോബോയ്ക്ക് കയറുന്നതിന് കൃത്യമായ ഒരു സമയം ക്രമങ്ങളിൽ നിർവചിച്ചിട്ടില്ല എന്നതിനാലോ, എന്തോ, ഇപ്പോൾ ആദ്യത്തെ ഈ അപേക്ഷയും മറുപടിയും പൂർണ്ണമായും ആംഗ്യഭാഷയിൽ ആയിപ്പോകുന്നതായി പലപ്പോഴും കാണുന്നു. പകരം വിശ്വാസപ്രമാണം ചൊല്ലിക്കൊണ്ടിരിക്കുന്നതിനിടയിൽ അതിന്റെ ഒഴുക്കും പ്രതിജ്ഞാസ്വഭാവവും ഗൗരവവും പൂർണ്ണമായി മറന്ന് ഇടയ്ക്ക് മുറിച്ചു ചൊല്ലുന്നത് ഏറെ അരോചകവും അലോസരം ഉണ്ടാക്കുന്നതുമാണ്.

കുർബ്ബാന തക്സായിൽ കാണുന്നതുപോലെ ആദ്യത്തേത് പരസ്യമായി പ്രാർത്ഥിക്കുകയും വിശ്വാസികൾ അവിടെ പ്രതിവാക്യം ചൊല്ലുവാൻ കുർബ്ബാന ക്രമത്തിൽ അച്ചടിക്കുകയും ചെയ്താൽ ഭംഗിയായി ആ 'ശുബ്ക്കോനോ' ശുശ്രൂഷ നടത്തി കാർമ്മികന് ബലിയർപ്പണത്തിന് ഒരുങ്ങുവാൻ സാധിക്കും. പ്രഭാതനമസ്കാരത്തിന്റെ പ്രൊമിയോനും, ഹൂസോയോയും, സെദറായും കഴിഞ്ഞശേഷം "ദൈവത്തിൽ നിന്നും...." എന്ന പാപമോചന പ്രാർത്ഥന ചൊല്ലി ജനത്തെ വാഴ്ത്തുകയും പരസ്യമായി ശുബ്ക്കോനോ നടത്തുകയും ചെയ്യാതെ പൂർവ്വിക പുരോഹിതർ വി. കുർബ്ബാന അർപ്പിക്കുവാൻ മദ്ബഹായിൽ പ്രവേശിക്കാറില്ലായിരുന്നു എന്നും ഇവിടെ ഓർക്കാം. ക്രമത്തിൽ ഉള്ള കാര്യങ്ങൾ നടത്താതിരിക്കുകയും ഇല്ലാത്തവ കുത്തിക്കയറ്റി അമിതഭക്തി കാണിക്കുകയും ചെയ്യുന്ന ക്രമംകെട്ട കാലത്ത് ഇതൊക്കെ ആര് ആരോട് പറയാൻ!



ആദ്യത്തെ ശുബ്ക്കോനോ പരസ്യമായി പറഞ്ഞാൽ രണ്ടാമത്തേതും മൂന്നാമത്തേതും അംഗ്യഭാവത്തിൽ മതിയാകും എന്നും അത്രയുമേ തക്സായിൽ സൂചിപ്പിക്കുന്നുള്ളു എന്നും കണ്ടുവല്ലോ. എന്നാൽ ഈ രണ്ട് അവസരങ്ങളിലും ശുബ്ക്കോനോയ്ക്കുശേഷം കാർമ്മികൻ വി. ത്രോണോസിന് മുമ്പിൽ ദർഗ്ഗായ്ക്കു കീഴെ മുട്ടുകുത്തി രഹസ്യപ്രാർത്ഥന നടത്തുന്നുണ്ട്.

ഇതിൽ രണ്ടാമത്തെ അഭ്യർത്ഥനയ്ക്കു മുമ്പ് കാർമ്മികൻ ആദ്യം രഹസ്യപ്രാർത്ഥന ചൊല്ലി കൈകൾ കഴുകുന്നു. ദൈവമായ കർത്താവേ! എന്നെ കഴുകി നിർമ്മലീകരിച്ച് ജീവജലത്താൽ എന്നെ വെടിപ്പാക്കണമെ, അങ്ങനെ വി. ബലി അർപ്പിക്കുവാൻ എന്നെ യോഗ്യനാക്കണമെ എന്ന് പ്രാർത്ഥിക്കുന്നു. വീണ്ടും ദർഗ്ഗയിൽ മുട്ടുകുത്തിക്കൊണ്ട്: "വി. ത്രിത്വമേ എന്നോട് കരുണ തോന്നണമേ; എന്റെ പാപങ്ങൾ എന്നോട് ക്ഷമിക്കണമെ; ബലഹീനവും പാപം നിറഞ്ഞതുമായ എന്റെ കൈകളിൽ നിന്നും ഈ ബലി സ്വീകരിക്കണമെ!" എന്നും അഭ്യർത്ഥിച്ചശേഷം "സ്വർഗ്ഗീയ ബലിപീഠത്തിൽ എന്നെ ഓർക്കണമെ" എന്നും പ്രാർത്ഥിച്ച് ആദം മുതലുള്ള സകല മാതാപിതാക്കളുടെയും പ്രത്യേകാൽ ദൈവമാതാവായ വി. കന്യകമർത്തമറിയം അമ്മയുടെയും, പ. നിബിയന്മാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും, പിതാക്കന്മാരുടെയും, വാങ്ങിപ്പോയവരുടെയും വി. കുർബാനയിൽ ഓർക്കുവാൻ കടപ്പെട്ടിരിക്കുന്ന സകലരുടെയും പ്രാർത്ഥനയിലും മദ്ധ്യസ്ഥതയിലും തന്നെത്തന്നെ സമർപ്പിച്ച് പ്രാർത്ഥിച്ച് വി. ത്രോണോസ്സിൽ മേല്പറഞ്ഞവരുടെ പേരുകൾ ഓർത്ത് കുരിശുവരച്ച് അവരെയെല്ലാം 'കൂട്ടിവരുത്തി'യാണ് കാർമ്മികൻ വി. ബലി ആരംഭിക്കുന്നത്!

മൂന്നാമത്തേതും അവസാനത്തേതുമായ പ്രാർത്ഥനാ അഭ്യർത്ഥന അദ്ദേഹം തിരുശരീരരക്തങ്ങൾ അനുഭവിക്കുകയും വിശ്വാസികൾക്കു പകർന്നു നൽകുകയും ചെയ്യുന്നതിന് തൊട്ടുമുമ്പാണ്. തുടർന്നും ബലിപീഠത്തിനു മുമ്പിൽ

മുട്ടുകുത്തി "എന്റെ കർത്താവേ! വിശുദ്ധിയോടെ നിന്നെ ഭക്ഷിക്കുവാൻ എന്നെ യോഗ്യമാക്കണമേ!...." എന്നും "നിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്ന തിനാൽ 'ഞങ്ങളുടെ' ശരീരങ്ങൾ പരിശുദ്ധമായിതീരുവാനും ആത്മാക്കൾ പ്രശോഭിക്കപ്പെടുവാനും സംഗതിയാക്കണമെ!" എന്ന് വിശ്വാസസമൂഹത്തിന് മുഴുവൻവേണ്ടി പ്രാർത്ഥിക്കുന്നു.

ആദ്യ പ്രാർത്ഥനാഭ്യർത്ഥനയിൽ 'നിങ്ങൾ' എന്നും രണ്ടാമത്തേതിൽ "സഹോദരങ്ങളേ, ഗുരുക്കന്മാരെ" എന്നും മൂന്നാമത്തേതിൽ "സഹോദരങ്ങളെ, വാത്സല്യമുള്ളവരെ" എന്ന് ബഹു. അച്ചൻ ചൂണ്ടിക്കാണിക്കുകയും അതിനുള്ള കാരണം വ്യക്തമാക്കുകയും ചെയ്യുന്നു. തൂയോബോയ്ക്കു മുമ്പുള്ള ആദ്യത്തെ അഭ്യർത്ഥനാസമയത്ത് വിശ്വാസപഠിതാക്കളും ആരാധനയിൽ സംബന്ധി ക്കുന്നു. അവർ ക്രിസ്തുവിൽ സഹോദരങ്ങൾ ആയിത്തീർന്നിട്ടില്ലാത്തതിനാൽ പൊതു അഭിസംബോധനയായി 'നിങ്ങൾ' എന്നും, വിശ്വാസികൾ മാത്രം ആകു മ്പോൾ അവരെ ക്രിസ്തുവിൽ 'സഹോദരങ്ങളെ' എന്നും ഗുരുസ്ഥാനീയരെ ആദരിച്ചുകൊണ്ട് ഗുരുക്കന്മാരെയെന്നും, മൂന്നാമത്തേതിൽ ഏകശരീരത്തിന്റെ അംശികളായവരെയെല്ലാം ചേർത്തുനിർത്തി 'സഹോദരങ്ങളെ, വാത്സല്യമുള്ള വരെ' എന്നും വിളിക്കുന്നു!

വിവിധ ക്രൈസ്തവ സഭാപാരമ്പര്യങ്ങളിൽ കാർമ്മികന്റെ പ്രാർത്ഥനാ അഭ്യർത്ഥന എപ്രകാരം എന്ന് ബഹു. അച്ചൻ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഈ സാഹചര്യങ്ങളിലെല്ലാം കാർമ്മികൻ താൻ ബലഹീനനും പാപിയുമാകു ന്നു, തനിക്ക് പ്രാർത്ഥന ആവശ്യമുണ്ട് എന്ന് ആരാധനാ സമൂഹത്തോട് ഓർമ്മി പ്പിക്കുകയാണ്. ഇത് പുരോഹിതന്റെ ഒരു പരസ്യ-കുമ്പസാരവും ഏറ്റുപറച്ചിലും പാപമോചന പ്രാർത്ഥനയുമാണ് എന്ന് മനസ്സിലാക്കണം.

2. കാർമ്മികന്റെ കൈകഴുകൽ കർമ്മങ്ങൾ

വി. കുർബ്ബാനയുടെ പരസ്യ ശുശ്രൂഷാവസരത്തിൽ പുരോഹിതൻ പദവി യിൽ (ദർഗ്ഗായിൽ) കയറുന്നതിനു മുമ്പായി അവന്റെ ഇരുകൈകളും കഴുകു ന്നത് ശ്രദ്ധിച്ചിരിക്കുമല്ലോ. എന്നാൽ ഈ സമയത്ത് ഏറെ പ്രാധാന്യമുള്ള ഒരു പ്രാർത്ഥന അദ്ദേഹം രഹസ്യത്തിൽ ചൊല്ലുന്നു: "ദൈവമായ കർത്താവേ! പരി ശുദ്ധവും ശുദ്ധീകരിക്കുന്നതുമായ നിന്റെ മഹാ വിശുദ്ധസ്ഥലത്ത് പ്രവേശിച്ച് വന്ദ്യങ്ങളും ദിവ്യങ്ങളുമായ നിന്റെ രഹസ്യങ്ങളെ കളങ്കം കൂടാതെ സ്പർശി ക്കുവാൻവേണ്ടി എന്റെ ആത്മാവിന്റെ മലിനകരമായ അഴുക്കിനെ നീ കഴുകി കളഞ്ഞു, ജീവപ്രദമായ നിന്റെ തെളിവു മൂലം എന്നെ വെടിപ്പാക്കണമെ. ഞങ്ങ ളുടെ കർത്താവും ദൈവവുമേ! നിനക്കു പ്രീതികരവും മഹനീയവുമായ നിന്റെ ബലിയുടെ ദൃഷ്ടാന്തവുമായ ജീവനുള്ള ബലി നിർമ്മല മനസാക്ഷിയോടു കൂടി ഞാൻ എന്നേക്കും നിനക്കർപ്പിക്കുവാൻ ഇടയാവുകയും ചെയ്യണമെ." പ. ബലി അർപ്പണത്തിലേക്ക് ഒരുക്കപ്പെടുന്ന കാർമ്മികന്റെ ഒരു സമ്പൂർണ്ണ ധ്യാനമായി ഈ സമർപ്പണ പ്രാർത്ഥനയെ മനസ്സിലാക്കാം. ബാഹ്യമായ ശുദ്ധീ കരണം അവന്റെ ആത്മശുദ്ധീകരണത്തിന്റെ ഒരു പ്രതീകം മാത്രമാണ്. 'ആത്മാ വിന്റെ അഴുക്കിനെ കഴുകി കളയുക' എന്നതാണ് യഥാർത്ഥ ലക്ഷ്യം.

മേല്പറഞ്ഞ കഴുകലാണ് വിശ്വാസികളുടെ കാഴ്ചയിൽ കാർമ്മികൻ അനു ഷ്ഠിക്കുന്നത്. എന്നാൽ തൂയോബോ ശുശ്രൂഷയ്ക്കായി അപ്പവീഞ്ഞുകൾ ക്രമീ കരിക്കുന്നതിന് മുമ്പും കാർമ്മികൻ പ്രാർത്ഥനാപൂർവ്വം കൈ കഴുകുന്നുണ്ട്; മറയിട്ടതിനുശേഷമാകയാൽ ഇത് വിശ്വാസികൾ കാണുന്നില്ല. 'ദൈവമായ കർത്താവേ! അശുദ്ധമായ എന്റെ ദുഷ്ടപ്രവൃത്തികൾ മുഖേന സാത്താൻ എന്നെ ധരിപ്പിച്ചിട്ടുള്ള മലിനവസ്ത്രങ്ങളെ എന്നിൽ നിന്ന് ഉരിഞ്ഞ്, നിന്റെ ബഹു മാന്യതയുടെ.... വസ്ത്രങ്ങൾ എന്നെ ധരിപ്പിക്കണമെ" എന്ന ധ്യാനത്തോടെ യാണ് കർമ്മങ്ങൾ ആരംഭിക്കുന്നത്. അംശവസ്ത്രങ്ങൾ ധരിച്ചശേഷം കാർമ്മി കൻ വീണ്ടും മുട്ടുകുത്തി രഹസ്യപ്രാർത്ഥന ചൊല്ലുന്നു: "സർവ്വാധിപതിയും മനുഷ്യരുടെ അധർമ്മങ്ങളെ ക്ഷമിക്കുന്നവനും പാപിയുടെ മരണത്തിൽ ഇഷ്ട പ്പെടാത്തവനുമായ കർത്താവേ! അയോഗ്യനായ ഞാൻ എന്റെ ആന്തരീക കൈകൾ നിങ്കലേക്ക് നീട്ടിക്കൊണ്ട് എന്റെ സകല നിയമലംഘനങ്ങൾക്കും നിന്നോട് മാപ്പപേക്ഷിക്കുന്നു...." പ്രതീകാത്മകമായ കഴുകലിനുശേഷം കാർമ്മി കൻ രഹസ്യത്തിൽ നടത്തുന്ന അതീവ പ്രാധാന്യം അർഹിക്കുന്ന, സ്വയശുദ്ധീ കരണമായ വി. കുമ്പസാരവും ഏറ്റുപറച്ചിലുമായി പിതാക്കന്മാർ ഈ പ്രാർത്ഥ നയെ മനസ്സിലാക്കുന്നു.

മേല്പറഞ്ഞ രണ്ട് കഴുകലുകളും ആത്മ-ശരീര-മനസ്സുകളുടെ സമ്പൂർണ്ണ ശുദ്ധീകരണത്തിന്റെ അടയാളമാണെന്ന് കണ്ടല്ലോ. എന്നാൽ അവയ്ക്കുശേഷം ദർഗ്ഗായിൽ നിന്ന് തിരുശരീരരക്തങ്ങൾ വ്യാപരിക്കുമ്പോൾ ഖണ്ഡിപ്പിന്റെ സമ യത്തും, വി. കുർബാന വിശ്വാസികൾക്ക് നൽകുന്ന സന്ദർഭങ്ങളിൽ കൈയിൽ തിരുശരീരരക്തങ്ങളുടെ അംശങ്ങൾ പുരണ്ടാൽ അത്തരം സന്ദർഭങ്ങളിലും കാർ മ്മികൻ വി. ത്രോണോസ്സിൽ വിരിച്ചതിന്റെ വടക്കുകിഴക്കെ കോണിൽ ഇരി ക്കുന്ന ശുദ്ധീകരണ തൊട്ടിയിലെ (മ്ശംശോനീസോ) വെള്ളത്തിൽ വിരലിന്റെ അഗ്രങ്ങൾ ആവശ്യാനുസരണം കഴുകുന്നു. തിരുശരീര രക്തങ്ങൾ കലരുന്ന ഈ വെള്ളം കാർമ്മികൻ വി. കുർബാന അനുഭവിച്ചു കഴിയുമ്പോൾ സ്വയം കുടിക്കണം. ബലിയർപ്പണത്തിനു ശേഷം കാസാ-പീലാസകൾ മൂന്നു പ്രാവശ്യം കഴുകുമ്പോഴും മ്ശംശോനീസോയിൽ നിന്നുമാണ് വെള്ളം എടു ക്കുകയും കഴുകിയശേഷം ആ വെള്ളം കാർമ്മികൻ തന്നെ കുടിക്കുകയും തുടർന്ന് തന്റെ കൈകളും കഴുകി ആ വെള്ളവും കുടിച്ചശേഷം ബലിക്ക് ഉപ യോഗിച്ച വസ്തുക്കൾ എല്ലാം വൃത്തിയായി തുടച്ച് ബഹുമാനത്തോടെ സൂക്ഷി ക്കുകയും വേണം. ബലിയർപ്പണത്തിന് ഒടുവിൽ കാർമ്മികൻ കൈകൾ കഴു കുമ്പോൾ 26-ാം സങ്കീർത്തനവും തുടയ്ക്കുമ്പോൾ 29-ാം സങ്കീർത്തനവും ധ്യാനിക്കണം.

ഏതെങ്കിലും കാരണത്താൽ വി. കുർബാനയുടെ ചെറിയ ഒരു അംശമെ ങ്കിലും ത്രോണോസിലോ, താഴെയോ പരികർമ്മണം ചെയ്യുമ്പോൾ മറ്റെവിടെ യെങ്കിലുമോ അവശേഷിക്കുന്നുണ്ടെങ്കിൽ ആയതിനും കാർമ്മികൻ മാപ്പ് അപേ ക്ഷിച്ചുകൊണ്ട് പ്രാർത്ഥിക്കുന്നു: "വല്ല അംശവും ശേഷിച്ചിട്ടുണ്ടെങ്കിൽ, ലോക സ്രഷ്ടാവായ നിന്റെ അറിവിൽ ശേഷിച്ചിട്ടുണ്ടെങ്കിൽ, ആ ശേഷിച്ച അംശത്തിന് കർത്താവ് കാവൽക്കാരനായിരിക്കട്ടെ. എനിക്കു മോചനവും ക്ഷമയും നൽകു കയും ചെയ്യുമാറാകട്ടെ" എന്നും പ്രാർത്ഥിച്ചാണ് കാർമ്മികൻ ദർഗ്ഗായിൽ നിന്നും ഇറങ്ങുന്നത്.

ഇവിടെ സാന്ദർഭികമായി വളരെ പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കട്ടെ. വി. ത്രോണോസ് എത്ര വലുതോ ചെറുതോ ആയാലും അതിന്മേൽ വിരിക്കുന്ന വിരിക്കൂട്ടിന്മേൽ ആണല്ലോ കാർമ്മികൻ ബലിവസ്തുക്കൾ ക്രമീകരിക്കുന്നതും വി. ബലി അർപ്പിക്കുന്നതും. പഴയനിയമത്തിലെ ശുദ്ധീകരണതൊട്ടിയെ അനു സ്മരിക്കുന്നതും വി. കുർബ്ബാന അംശം കലരുന്നതുമായ മ്ശംശോനീശോയിലെ വെള്ളം വിരിക്കൂട്ടിന്റെ വടക്കുകിഴക്ക് സൂക്ഷിച്ചുവയ്ക്കുന്നതിനു പകരം അവ കുറേ ദൂരത്ത്, ഒരുപക്ഷേ അലക്ഷ്യമായി, വയ്ക്കുകയും വെള്ളത്തിന്റെ അംശം വിരിക്കൂട്ടിനു പുറത്ത് ത്രോണോസ്സിൽ വീഴുവാൻ ഇടയാവുകയും ചെയ്യുന്ന തായി കാണുന്നു. വി. കുർബ്ബാന അംശം ഉള്ള വെള്ളം അഥവാ തൂകിവീഴുക യാണെങ്കിൽ ആയത് വിരിക്കൂട്ടിൽ വീഴുന്നതല്ലേ ഉത്തമം; എന്തുകൊണ്ടാണ് മ്ശംശോനീസ്സോയ്ക്ക് അല്പം 'അയിത്തം കല്പിച്ച്' അവ ദൂരെ വയ്ക്കുവാൻ ഇടയാകുന്നത് എന്ന് കാർമ്മികർ ചിന്തിക്കണം.

മേല്പറഞ്ഞവയെല്ലാം ക്രമത്തിലെ കഴുകലുകളാണെങ്കിൽ അതിനു പുറമെ കയ്യിൽ വിയർപ്പോ, കരിയോ മറ്റെന്തെങ്കിലും പറ്റിയിട്ടുണ്ട് എന്ന് കാർമ്മികന് തോന്നിയാൽ അവൻ ഏറ്റവും പെട്ടെന്ന് അവസരം ഉണ്ടാക്കി കൈകൾ ശുദ്ധീ കരിക്കുന്നതിൽ തെറ്റില്ലെന്നും അവ ഏറെ ആവശ്യമാണെന്നും ബഹു. അച്ചൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നുണ്ട്; cleanliness is next to godliness എന്നാണല്ലോ പ്രമാണം.

ആരാധനയ്ക്കു മുമ്പ് ശരീരശുദ്ധി, മനോശുദ്ധി, ആത്മശുദ്ധി എന്നിവ നിർബ ന്ധമാണ് എന്ന് പൗരാണിക മതസമൂഹങ്ങൾ എല്ലാം പഠിപ്പിക്കുന്നുണ്ട്. ക്രൈസ്തവ ആരാധനയുടെ പ്രാഗ്‌രൂപമായ യഹൂദമത ആരാധനയിൽ ഇത് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ടല്ലോ. "പുരോഹിതൻ സമാഗമനകൂടാരത്തിൽ പ്രവേശിക്കുകയോ കർത്താവിന് യാഗം കഴിപ്പാൻ അടുത്തു ചെല്ലുകയോ ചെയ്യു മ്പോൾ അവൻ മരിക്കാതിരിക്കേണ്ടതിന് വെള്ളംകൊണ്ട് കഴുകണം; ഇത് അവ ർക്ക് എല്ലാ തലമുറകളിലും എന്നേയ്ക്കുമുള്ള നിയമം ആയിരിക്കേണം" (പുറ. 30:20-21) എന്നും "ഞാൻ കുറ്റമില്ലായ്മയിൽ എന്റെ കൈകളെ കഴുകുന്നു; യഹോവേ, ഞാൻ നിന്റെ യാഗപീഠത്തെ വലംവയ്ക്കുന്നു" (സങ്കീ. 26:7) എന്നി ങ്ങനെ അനേക ഭാഗങ്ങൾ പഴയനിയമത്തിൽ കാണുന്നുണ്ട്. മതസംബന്ധ മായ യഹൂദാ വിരുന്നുവേളകളിൽ അദ്ധ്യക്ഷം വഹിക്കുന്ന റാബിമാരും പങ്കെ ടുക്കുന്ന ശിഷ്യസമൂഹവും ശുദ്ധീകരണത്തിനായുള്ള കഴുകലുകൾ നടത്തേ ണ്ടത് നിർബന്ധമാണ്.

വി. മാമോദീസ്സായിലൂടെ പാപത്തിൽനിന്നും സമ്പൂർണ്ണം കഴുകി എടുക്ക പ്പെട്ടിട്ടുള്ളവനും, ഓരോ തവണയും ആരാധനയിൽ സംബന്ധിക്കുന്നതിന് മുമ്പ് കുളിച്ച് ദേഹശുദ്ധി വരുത്തിയവനും മാത്രമേ ആരാധനയിൽ സംബന്ധിക്കു

വാൻ കഴിയൂ. ഈ ബാഹ്യശുദ്ധീകരണത്തിനു പുറമെയാണ് ആത്മശുദ്ധീകരണത്തിന്റെ പ്രതീകമായി കാർമ്മികൻ കൈകൾ കഴുകുന്നത്. "കുളിച്ചിരിക്കുന്നവന് കാൽ അല്ലാതെ കഴുകുവാൻ ആവശ്യമില്ല; അവൻ മുഴുവനും ശുദ്ധിയുള്ളവൻ ആകുന്നു" (യോഹ. 13:10) എന്ന് ശിഷ്യന്മാരുടെ കാലുകൾ കഴുകുമ്പോൾ കർത്താവ് കല്പിക്കുന്നുണ്ടല്ലോ. ഈ കഴുകലിനുശേഷമാണ് യജമാനൻ അവരെ പന്തിക്കിരുത്തുന്നത്. "തന്നാൽ കഴുകപ്പെടാത്തവന് തന്നോട് പങ്കില്ല" (യോഹ. 13:8) എന്നും കർത്താവ് പത്രോസിനെ പഠിപ്പിക്കുന്നുണ്ടല്ലോ. ഗുരു തന്നെ ശിഷ്യന്മാരെ സന്യാസത്തിലേക്ക് ഉപനയിക്കുമ്പോൾ പരസ്യമായി അവരുടെ കാലുകൾ കഴുകി അവരെ സ്വീകരിക്കുന്ന ശുശ്രൂഷ സന്യാസസ്ഥാനങ്ങൾ നൽകുമ്പോൾ (റമ്പാൻ സ്ഥാനം) കാണുന്നു.

വി. മാമോദീസാ സ്വീകരിച്ചിട്ടില്ലാത്തവനോ, കുളിച്ച് ദേഹശുദ്ധി വരുത്തിയിട്ടില്ലാത്തവനോ, വി. കുമ്പസാരം നടത്തി മനോശുദ്ധി വരുത്തിയിട്ടില്ലാത്തവനോ കേവലം ചടങ്ങിനായി ദൈവസന്നിധിയിൽ അഹങ്കാരത്തോടെ കടന്നു വരുന്നുവെങ്കിൽ അതിന് പട്ടക്കാരൻ കുറ്റക്കാരനായിരിക്കുകയില്ല എന്ന ഒരർത്ഥവും കാർമ്മികന്റെ പരസ്യമായ കൈകഴുകലിൽ ഉണ്ടെന്ന് ബഹു. അച്ചൻ കോപ്റ്റിക് സഭയുടെ ആരാധനക്രമം ഉദ്ധരിച്ചുകൊണ്ട് ചൂണ്ടിക്കാണിക്കുന്നുണ്ട്!

ക്രൈസ്തവർ ഓരോ ദിവസവും ആരംഭിക്കുമ്പോൾ 'കൈകൾ കഴുകി' ദേഹശുദ്ധി വരുത്തിയശേഷം പ്രാർത്ഥിക്കുകയും വി. ഗ്രന്ഥം വായിച്ച് ധ്യാനിച്ചശേഷം മാത്രം അനുദിന ജീവിതക്രമം ആരംഭിക്കുകയും ചെയ്യണമെന്ന് യെരുശലേമിലെ കൂറിലോസ് (+387) വിശ്വാസികൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. 'പാപവിമുക്തിയുടെ അടയാളമായി' മോപ്സ്റ്റായിലെ തിയഡോർ (+428) കൈകഴുകലിനെ വിശദീകരിക്കുന്നുണ്ട്. ഹൃദയം കഴുകുന്നതിന്റെ പ്രതീകമാണ് കൈകഴുകൽ എന്നും ഹൃദയത്തിന്റെ രൂപാന്തരം സംഭവിക്കാതെ അല്പബുദ്ധിയിൽ ആരാധനാസമയത്ത് കാർമ്മികൻ കൈകൾ കഴുകി അഹങ്കാര മനസ്സോടെ വി. മദ്ബഹായിൽ പരികർമ്മിക്കുന്നെങ്കിൽ അവൻ യൂദായെപ്പോലെ അവന്റെ മേൽ സ്വയം ദൈവകോപം വരുത്തിവയ്ക്കുമെന്ന് സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ് വ്യക്തമായി തന്നെ പഠിപ്പിക്കുന്നുണ്ട്.

പൗരസ്ത്യ ആരാധനക്രമങ്ങളെക്കുറിച്ച് പൊതുവെയും വി. കുർബ്ബാനയെക്കുറിച്ച് വിശദമായും പഠനവും വ്യാഖ്യാനവും നടത്തിയിട്ടുള്ള മോശ ബർകീപ്പാ (+903) തന്റെ പ്രസിദ്ധമായ കുർബ്ബാനാ വ്യാഖ്യാനത്തിൽ (A Commentary on the Liturgy) കൈകഴുകലിന്റെ അഞ്ച് അർത്ഥങ്ങൾ വ്യക്തമാക്കുന്നുണ്ട്.

1. ആരാധനാ സമയത്ത് പുരോഹിതൻ പരസ്യമായി കൈകൾ കഴുകുമ്പോൾ വിശ്വാസികൾ അവരുടെ ഹൃദയങ്ങളെ ഭൗമിക ആശങ്കകളിൽ നിന്നും പൂർണ്ണമായും വിമുക്തമാക്കുന്നു.

2. പുരോഹിതൻ ദൈവസന്നിധിയിൽ സ്വന്തം മനസാക്ഷിയെ ശുദ്ധമാക്കുന്നു.

3. സർവ്വഹൃദയങ്ങളെയും അവയിലെ വികാര-വിചാരങ്ങളെയും അറിയുന്നവന്റെ മുന്നിൽ പുരോഹിതൻ സ്വയം സമർപ്പിക്കുന്നു; വിശ്വാസികളെയും അതിനായി ആഹ്വാനം ചെയ്യുന്നു.

4. വിരലുകളുടെ അഗ്രം മാത്രം കഴുകുമ്പോൾ തനിക്കു പറ്റിയിരിക്കുന്ന ചെറിയ തെറ്റുകൾപോലും അവൻ ധ്യാനിച്ച് മോചനത്തിനായി പ്രാർത്ഥിക്കുന്നു.

5. പഴയനിയമ പുരോഹിതന്മാർ മുതൽ ഈ കഴുകൽ പ. സഭയുടെ പാരമ്പര്യമാകുന്നു.

മോശ ബർകീപ്പായുടെ ഈ വ്യാഖ്യാനത്തെ മറ്റൊരു പ്രസിദ്ധ ആരാധനാ വ്യാഖ്യാതാവും പണ്ഡിതനുമായ മാർ ദീവന്നാസ്യോസ് ബർസ്ലീബിയും (+1171) അതേപടി അംഗീകരിച്ചിരിക്കുന്നതായി (Liturgical Treaties of Bar Salibi) അച്ചൻ ചൂണ്ടിക്കാണിക്കുന്നു.

ആരാധനയിലെ കൈകഴുകൽ അതീവ പ്രാധാന്യമുള്ളതും ഏറെ ധ്യാനത്തോടെ സൂക്ഷ്മതയിൽ ചെയ്യേണ്ടതുമാണ് എന്ന് പിതാക്കന്മാരെ ഉദ്ധരിച്ചുകൊണ്ട് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് (പൗരസ്ത്യ ക്രൈസ്തവ ദർശനം) പ്രത്യേകം പഠിപ്പിക്കുന്നുണ്ട്. ആ കർമ്മം കേവല ശുദ്ധീകരണം (utilitarian) അല്ല; മറിച്ച് purification ആണ് അർത്ഥമാക്കുന്നത്. "ഞാൻ കുറ്റമില്ലായ്മയിൽ എന്റെ കൈകളെ കഴുകുന്നു. യഹോവേ, ഞാൻ നിന്റെ യാഗപീഠത്തെ വലംവയ്ക്കുന്നു" (സങ്കീ. 26:7). നല്ലൊരു ആരാധനാ വ്യാഖ്യാനവും അദ്ദേഹം നൽകുന്നുണ്ട്. ആരാധനയുടെ അവസാനത്തിൽ കാസാ-പീലാസാകൾ തുടച്ച് വൃത്തിയാക്കുന്നതിനോടൊപ്പം കാർമ്മികനും 29-ാം സങ്കീർത്തനം ധ്യാനിച്ചുകൊണ്ട് കൈകൾ കഴുകി തുടയ്ക്കുന്നതിനെ ശുദ്ധീകരണത്തിന്റെ രണ്ടാം ഭാഗം എന്നും ഇനിയും പാപം കൂടാതെ ജീവിക്കുവാനുള്ള ഒരുക്കമെന്നുമെല്ലാം അദ്ദേഹം വ്യാഖ്യാനിക്കുന്നുണ്ട്.

പൗരസ്ത്യ സഭകൾ എല്ലാംതന്നെ കാർമ്മികന്റെ കൈകഴുകലിനെ വളരെ പ്രാധാന്യത്തോടെ വീക്ഷിക്കുന്നതായും അപ്പോഴെല്ലാം അവൻ സങ്കീർത്തനങ്ങൾ (26, 29, 51) ധ്യാനിക്കുന്നതായും ബഹു. അച്ചൻ അനേകം ഉദ്ധരണികളിലൂടെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒടുവിൽ 150-ാം സങ്കീർത്തനവും ("യഹോവയെ സ്തുതിപ്പിൻ; ദൈവത്തെ അവന്റെ മന്ദിരത്തിൽ സ്തുതിപ്പിൻ... ജീവനുള്ളതൊക്കെയും സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ.") എന്ന് ധ്യാനിച്ച് മഹാസന്തോഷത്തോടെയാണ് കാർമ്മികൻ ദർഗ്ഗയിൽ നിന്നും ഇറങ്ങുന്നത്.

ചുരുക്കത്തിൽ വി. കുർബ്ബാന ശുശ്രൂഷയുടെ ഭാഗമായുള്ള കൈകഴുകൽ എന്ന കർമ്മത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം, പൗരസ്ത്യ സഭാ പാരമ്പര്യങ്ങളിൽ എല്ലാംതന്നെ, ശുചീകരണമോ, ബാഹ്യമായ ശുദ്ധീകരണമോ മാത്രമല്ല; അതിലുപരി ആന്തരീക (ആത്മിക) ശുദ്ധീകരണത്തിനു വേണ്ടിയുള്ള അനുതാപ അനുഷ്ഠാനമാണെന്ന് ജോർജ് കോശി അച്ചൻ ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു. വിശ്വാസസമൂഹത്തിന്റെ മുന്നിൽ പരസ്യമായി കൈകൾ കഴുകുന്നത് ആരാധനാസമൂഹത്തിന്റെ മുഴുവൻ പങ്കാളിത്തവും പ്രാതിനിധ്യ ഭാവവും കാണിക്കുന്നു.

'സ്നേഹത്തൊടു വിശ്വാസത്തിൻ നിറവില്ലാത്തോൻ കഴുകലിനേത്തേണ്ടാ....' എന്ന കാൽകഴുകൽ ശുശ്രൂഷയിലെ ഗാനത്തിന്റെ ആശയം ക്രൈസ്തവ ആരാധനയിൽ ഉടനീളം ഉണ്ടായിരിക്കണം. 'ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ, അഥവാ എന്നാൽ നീ ശുദ്ധീകരിക്കപ്പെടുന്നില്ലെങ്കിൽ എനിക്ക് നിന്നോടോ, നിനക്ക് എന്നോടോ പങ്കില്ല; സംബന്ധമില്ല' എന്ന കർത്തൃവചനം കാർമ്മികനും വിശ്വാസസമൂഹത്തിനും ഒരുപോലെ ബാധകമാണ്.

ആകയാൽ "എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കണമേ! എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ. എന്റെ ലംഘനങ്ങളെ ഞാൻ അറിയുന്നു; എന്റെ പാപം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു" (സങ്കീ. 51:2-3) എന്നും പാപം ചെയ്യുന്നത് ദൈവഹിതത്തിന് എതിരാകയാൽ ഏതു പാപം നാം ചെയ്യുമ്പോഴും 'നിന്നോടുതന്നെയാണ് ഞാൻ പാപം ചെയ്യുന്നത്' (സങ്കീ. 51:4) എന്ന് സമ്മതിക്കുവാനും "കുറ്റമില്ലായ്മയിൽ എന്റെ കൈകളെ കഴുകി, നിന്റെ യാഗപീഠത്തെ വലം വയ്ക്കുവാനും(സങ്കീ. 26:7) എന്നെ സഹായിക്കണമെ എന്ന പ്രാർത്ഥന എപ്പോഴും നമ്മിൽ നിന്നും ഉണ്ടാകണം. ❑



വത്തിക്കാനിൽ നടക്കുന്ന ആഗോള കത്തോലിക്കാ സിനഡിൽ വത്തിക്കാന്റെ ക്ഷണിതാവായി എത്തിയ മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധി ഡോ. ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ കർദിനാൾ വാൾട്ടർ കാസ്പറിനെ കണ്ട് സ്നേഹാന്വേഷണം നടത്തി. മലങ്കര ഓർത്തഡോക്സ് സഭയും റോമൻ സഭയുമായുള്ള സംവാദങ്ങളുടെ ഓഫീസ് പ്രസിഡന്റായി കർദിനാൾ കാസ്പർ ചുമതല നിർവ്വഹിച്ച കാലഘട്ടത്തിലാണ് മാർ ബർന്നബാസ് റോമിൽ വിദ്യാർത്ഥി ആയി പഠിച്ചത്.

മർദ്ദീൻ യാത്രയ്ക്കു പിന്നിൽ

ഡോ. എം. കുര്യൻ തോമസ്

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ ഉപജീവനാർത്ഥം നാടുവിടാൻ ആരംഭിക്കുന്നതുവരെ മലയാളികൾ - വിശിഷ്യാ നസ്രാണികൾ- പൊതുവെ യാത്രാവിമുഖരായിരുന്നു. ഇതിന് അപവാദം ഇല്ലെന്നല്ല. അതിനു കാൽ ശതാബ്ദം മുമ്പുമുതൽ അപൂർവം നസ്രാണികൾ ഉപരിപഠനാർത്ഥം മദ്രാസിലും കൽക്കട്ടയിലും ഒക്കെ പോയത് വിസ്മരിക്കുന്നില്ല. അവരുടെ വൈദീകാദ്ധ്യക്ഷന്മാരുടെ കാര്യവും വ്യത്യസ്ഥമല്ലായിരുന്നു.

1841-ൽ പാലക്കുന്നത്ത് മാത്യൂസ് ശെമ്മാശൻ നടത്തിയ മർദീൻ യാത്രയാണ് നസ്രാണി ചരിത്രത്തിലെ ആദ്യ വൈദീക പരദേശയാത്ര. ആ യാത്രയിൽ അദ്ദേഹം മാർ അത്താനാസ്യോസ് എന്ന പേരിൽ മേല്പട്ടസ്ഥാനം നേടുകയും പിന്നീട് മലങ്കര മെത്രാപ്പോലീത്താ ആവുകയും ചെയ്തു.

അന്നു മുതൽ ഉള്ള ഒരു നൂറ്റാണ്ടുകാലം മലങ്കരസഭാദ്ധ്യക്ഷന്മാർ നടത്തിയ പരദേശയാത്രകൾക്കെല്ലാം ലിഖിത യാത്രാ വിവരണങ്ങൾ ഉണ്ട് എന്നതാണ് ശ്രദ്ധേയം. താഴെ പറയുന്നവയാണ് യാത്രകളും യാത്രാ വിവരണങ്ങളും

1. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ മേല്പട്ടസ്ഥാനമേൽക്കുവാൻ 1865-ൽ നടത്തിയ മർദ്ദീൻ യാത്ര. യാത്രികൻ തന്നെ എഴുതിയ *ഒരു പരദേശ യാത്രയുടെ കഥ* എന്ന വിവരണം 1901-ൽ എം. പി. വർക്കി തന്റെ *മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ* എന്ന ജീവചരിത്രത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ചു.

2. റെനീവിലാത്തി മാർ തീമോത്തിയോസിനു മെത്രാൻ സ്ഥാനം നൽകുവാൻ കടവിൽ മാർ അത്താനാസ്യോസ്, പ. പരുമല തിരുമേനി എന്നിവർ ശ്രീലങ്കയിലെ കൊളംബോയിലേയ്ക്കു നടത്തിയ യാത്ര. ഇത് സഹയാത്രികനായിരുന്ന വാകത്താനം കാരുചിറ ഗീവർഗീസ് ശെമ്മാശൻ (പിന്നീട് പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ) *കൊളംബ് യാത്രാവിവരണം* എന്ന പേരിൽ എഴുതിയിരുന്നത് 2005-ൽ കോട്ടയം സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ചു.

3. 1895-ൽ പ. പരുമല തിരുമേനി നടത്തിയ യേറുശലേം തീർത്ഥാടനത്തെപ്പറ്റി അദ്ദേഹം എഴുതിയ *ഊർശ്ലേംയാത്രാ വിവരണം* അതേവർഷം തന്നെ പ്രസിദ്ധീകരിച്ചു. മലയാള ഭാഷയിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണം എന്നാണ് ഇത് വിശേഷിപ്പിക്കപ്പെടുന്നത്.

4. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മേല്പട്ടസ്ഥാനമേൽക്കാൻ 1908-ൽ യേറുശലേമിനു നടത്തിയ യാത്ര. സഹയാത്രികനായ കുറിച്ചി കല്ലാശ്ശേരിൽ പുന്നൂസ് റമ്പാൻ (പിന്നീട് പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ) കത്തുകളായി എഴുതി. അവ 2015-ൽ *കുറിച്ചി ബാവായുടെ മൂന്നു പരദേശയാത്രകൾ* എന്ന സമാഹാരത്തിൽ എം. ഒ. സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു.

5. 1923-ൽ മലങ്കരസഭയിലെ പിളർപ്പ് ഒഴിവാക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസുമായി നേരിട്ട് ചർച്ചനടത്താൻ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ മർദ്ദീനിലേയ്ക്കു നടത്തിയ യാത്ര.

6. ഇതേ ആവശ്യത്തിനായി 1934-ൽ പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ഹോംസിലേയ്ക്കും യെറുശലേമിലേയ്ക്കും നടത്തിയ യാത്ര. *യെറുശലേം യാത്ര* എന്ന പേരിൽ സഹയാത്രികനായിരുന്ന ചെറിയമഠത്തിൽ സ്ക്കറിയാ മല്പാൻ അതേവർഷം തന്നെ ഈ യാത്രയുടെ വിവരണം പ്രസിദ്ധീകരിച്ചു.

7. പ. ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായുടെ 1937 -ലെ പാരീസ്, ഇംഗ്ലണ്ട്, സെർബിയ, റോം സന്ദർശനങ്ങൾ. പാത്താമുട്ടം എം. സി. കുറിയാക്കോസ് റമ്പാൻ 1937-ൽ തന്നെ *എഡിൻബറോ യാത്ര* എന്ന പേരിൽ യാത്രാവിവരണം പ്രസിദ്ധീകരിച്ചു.

ഈ യാത്രകളിൽ ഏറ്റവും ഉദ്വേഗത്തോടെ ജനം വീക്ഷിച്ചത് 1923-ലെ പ. വട്ടശ്ശേരിൽ തിരുമേനിയുടെ മർദ്ദീൻ യാത്രയാണ്. തിരുവിതാംകൂർ ഹൈക്കോടതിയിൽ മലങ്കരസഭയിലെ ദേശീയപക്ഷമായ മാർ ദീവന്നാസ്യോസ് നേതൃത്വം നൽകുന്ന *മെത്രാൻകക്ഷി*ക്കെതിരായി ചീഫ് ജസ്റ്റീസ് വീരരാഘവയ്യങ്കാർ നടത്തിയ കുപ്രസിദ്ധമായ വിധിപ്രഖ്യാപനമാണ് മർദ്ദീൻ യാത്രയ്ക്ക് പശ്ചാത്തലമൊരുക്കിയത്. തികച്ചും ന്യായരഹിതവും നീതിന്യായ മര്യാദകളുടെ എല്ലാ സീമകളേയും അതിലംഘിക്കുന്നതുമായ ആ വിധി അംഗീകരിച്ച് മലങ്കര നസ്രാണികളുടെ സ്വാതന്ത്ര്യം വിദേശികൾക്ക് അടിയറവയ്ക്കുന്നതിന് മാർ ദീവന്നാസ്യോസും അദ്ദേഹത്തിന്റെ അനുയായികളും തീർത്തും വിസമ്മതിച്ചു. സഭയിൽ ശാശ്വതമായ പിളർപ്പ് ഉണ്ടാകുന്നു എന്നതായിരുന്നു അന്നത്തെ യഥാസ്ഥിതി. ഇത്തരമൊരു സാഹചര്യം ഒഴിവാക്കാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് പ. ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയനുമായി നേരിട്ടു സംഭാഷണം നടത്തുവാനാണ് മാർ ദീവന്നാസ്യോസ് തന്റെ വാർദ്ധക്യവും അനാരോഗ്യവും, യാത്രാക്ലേശവും, തുർക്കി രാജ്യത്തെ യാത്രയിൽ പതിയിരിക്കുന്ന അപകടങ്ങളും വകവയ്ക്കാതെ യാത്രക്കൊരുങ്ങിയത്.



Ceremony in the Orthodox church at Mosul
حفلة في كنيسة الاورثودكس في الموصل

കോടതിവിധിമൂലം പൂർണ്ണ പരാജയത്തിൽ നിൽക്കുന്ന മാർ ദീവന്നാസ്യോസ് ആറാമന്റെ ഈ യാത്രയേപ്പറ്റി അനേകം ഊഹോപോഹങ്ങൾ അന്നു പ്രചരിച്ചിരുന്നു. പക്ഷേ യാത്രാരംഭത്തിൽ കുണ്ടറ വച്ച് ചെയ്ത പ്രസംഗത്തിൽ ഈ സംശയങ്ങളെ മാർ ദീവന്നാസ്യോസ് ദൂരീകരിച്ചു യാത്രോദ്ദേശം അസന്നിഗ്ദ്ധമാംവിധം വ്യക്തമാക്കി. അതിന്റെ സംഗ്രഹം:

...ഇതാ നാം ഈ ചൊവ്വാഴ്ച പുറപ്പെടുന്നു. യാത്രോദ്ദേശ്യത്തെപ്പറ്റി പലരും പല വിധത്തിൽ ഊഹിക്കുന്നു, വ്യവഹാരത്തിൽ തോറ്റതു മൂലമുണ്ടായ ദുഃഖം തീർക്കാൻ വിദേശസഞ്ചാരത്തിനു പുറപ്പെട്ടിരിക്കയാണ്. വല്ല കാരണവും പറഞ്ഞ് യെറുശലേമിൽ എത്തി ശിഷ്ടായുസ്സ് അവിടെ കഴിക്കാൻ പുറപ്പെടുകയാണ്. പാത്രിക്കീസിനെ കണ്ട് യഥാർത്ഥങ്ങളെല്ലാം ധരിപ്പിച്ചിട്ടും നിഷ്പക്ഷ നിലയിൽ ഒന്നും ചെയ്യാത്തപക്ഷം ഏതെങ്കിലും കിഴക്കൻസഭയിൽ ചേരണമെന്നാണുദ്ദേശ്യം, എന്നീ വിധം പോകുന്നു ഊഹാപോഹങ്ങൾ. പാത്രിക്കീസിനെ കണ്ട് ഇപ്പോഴത്തെ കുഴപ്പങ്ങളും അവയുടെ യഥാർത്ഥ കാരണങ്ങളും നേരിട്ടു ധരിപ്പിക്കണമെന്ന് മാത്രമാണ് നമ്മുടെ യാത്രയുടെ ഉദ്ദേശ്യം എന്ന് തെളിവായിത്തന്നെ പറഞ്ഞുകൊള്ളട്ടെ...

1923 ജൂൺ 23-നു കുണ്ടറ നിന്നും ആരംഭിച്ച ക്ലേശകരവും മാസങ്ങളോളം ദീർഘിച്ചതുമായ യാത്ര അതേവർഷം നവംബർ 30-ന് ഷൊർണൂർ അവസാനിച്ചു. പാത്രിയർക്കീസുമായി പ്രശ്നങ്ങൾ പറഞ്ഞവസാനിച്ച് പിളർപ്പ് ഒഴിവാക്കി ശാശ്വത സമാധാനത്തിനുള്ള പാതയൊരുക്കിയ സമാധാനത്തോടെയാണ് അദ്ദേഹം മടങ്ങിയത്. പക്ഷേ സമാധാനത്തിനുള്ള രേഖകളുമായി പാത്രിയർക്കീസ് അയച്ച മാർ ഏലിയാസ് യൂലിയോസ് മെത്രാൻ കേരളത്തിൽ കാൽകുത്തിയതോടെ കളം മാറ്റിച്ചവിട്ടി. സമാധാനം ഉണ്ടായതുമില്ല.

തന്റെ ചിലവിൽ മർദ്ദീനിൽനിന്നും കൂടെ വന്ന് എതിർപക്ഷത്തിന്റെ നേതൃത്വം ഏറ്റെടുത്ത യൂലിയോസ് മെത്രാന്റെ വഞ്ചന മാർ ദീവന്നാസ്യോസിനെ തളർത്തിയില്ല. കീഴടങ്ങാൻ അദ്ദേഹം തയാറായുമില്ല. പകരം വർദ്ധിത വീര്യത്തോടെ അദ്ദേഹം പോരാട്ടം തുടർന്നു. അദ്ദേഹത്തിന്റെ റിവ്യു ഹർജി പരിഗണിച്ച് തിരുവിതാംകൂർ ഹൈക്കോടതി കൊല്ലവർഷം 1103 മിഥുനം 19-ന് (1928 ജൂലൈ 2) പൂർണ്ണമായും മാർ ദീവന്നാസ്യോസിന് അനുകൂലമായി വിധിച്ചു. ചീഫ് ജസ്റ്റീസ് ചാറ്റ്ഫീൽഡ് അദ്ധ്യക്ഷനായ ബഞ്ചിൽ ജ. ജോസഫ് തളിയത്ത്, ജ. ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള എന്നിവരായിരുന്നു ഇതര അംഗങ്ങൾ. ഈ സംഭവ പരമ്പരകളുടെ പൂർണ്ണവിവരം ഇസഡ്. എം. പാറേട്ടിന്റെ *മലങ്കര നസ്രാണികൾ* ഭാഗം നാല്, *മാർ ദീവന്നാസ്യോസിന്റെ നിത്യാക്ഷരങ്ങൾ* ഭാഗം മൂന്ന് എന്നിവയിൽ ലഭ്യമാണ്.

മലങ്കരസഭ മുഴുവൻ ആകാംക്ഷയോടെ കാത്തിരുന്ന മാർ ദീവന്നാസ്യോസിന്റെ മർദ്ദീൻ യാത്രയെപ്പറ്റി പതിവിനു വിരുദ്ധമായി യാത്രാ വിവരണങ്ങൾ ഒന്നും ലഭ്യമായിരുന്നില്ല. എന്നാൽ സമീപകാലത്ത് മലങ്കരസഭാ മാസികയുടെ 1948-ലെ ലക്കങ്ങളിൽ *മാർ ദീവന്നാസ്യോസ് ആറാമൻ തിരുമനസ്സിലെ മർദീൻയാത്ര- ഒരു സഹയാത്രക്കാരന്റെ ഡയറിയിൽ നിന്നും* എന്ന പേരിൽ ദിവ്യശ്രീ ഏവരത്തുകിഴക്കതിൽ ദാനിയേൽ കത്തനാർ, ഡി. ഡി. ചേപ്പാട് എഴുതിയ ഒരു ലേഖന പരമ്പര ശ്രദ്ധയിൽപ്പെട്ടു. സാമാന്യം ഭംഗിയായി പ്രതിപാദിച്ചിരിക്കുന്ന ഈ യാത്രാവിവരണത്തിൽ പക്ഷേ മൂലഗ്രന്ഥകാരനായ സഹയാത്രികൻ ആരെന്നു വ്യക്തമാക്കിയിട്ടില്ല.

പൂതകുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്ക്കറിയാ മൽപ്പാൻ, മാർ ദീവന്നാസ്യോസിന്റെ സേവകരായ അയ്പ്പ്, കുന്നംകുളം സ്വദേശി വാറു എന്നിവരാണ് അദ്ദേഹത്തെ മർദ്ദീന് അനുഗമിച്ചത്. ഇതിൽ അവസാനം പരാമർശിച്ച രണ്ടുപേരെ ഡയറി എഴുതിയ സഹയാത്രികൻ എന്ന സ്ഥാനത്തുനിന്നും തീർച്ചയായും ഒഴിവാക്കാം.

പിന്നെ ശേഷിക്കുന്നത് പൂതകുഴിയിൽ കത്തനാരും ചെറിയമഠത്തിൽ മൽപ്പാനുമാണ്. ഇവർ ഇരുവരും പണ്ഡിതരും ഡയറി എഴുതാൻ ശേഷിയുള്ളവരുമാണ്. ഇവരിൽ ആര് എന്ന ചോദ്യത്തിനുള്ള ഉത്തരമായി ലഭിച്ചത് ശ്രദ്ധേയമായ ഒരു കൂട്ടം രേഖകളാണ്. മാർ ദീവന്നാസ്യോസിന്റെ യാത്രാവേളയിൽ *മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകളുടെ അന്ത്യോഖ്യായാത്ര* എന്ന ശീർഷകത്തിൽ *മലയാള മനോരമ* അതിനെപ്പറ്റി പ്രസിദ്ധീകരിച്ച കുറെ ദീർഘമായ റിപ്പോർട്ടുകളാണവ. *പ്രത്യേക ലേഖകൻ* എഴുതുന്നതായാണ് ആദ്യ മൂന്നു ലേഖനങ്ങളിൽ കാണിച്ചിരിക്കുന്നത്. മറ്റാരുടേയും സാന്നിദ്ധ്യം യാത്രയിൽ പൂർണ്ണമായി ഇല്ലാതിരുന്നതിനാൽ ഇവരിലൊരാളെ മലയാള മനോരമ റിപ്പോർട്ടിംഗിനായി ചുമതലപ്പെടുത്തിയിരുന്നു എന്നു വ്യക്തം.

പക്ഷേ ഇവരിൽ ആര് എന്നതിനു വ്യക്തമായ ഉത്തരമില്ല. നാലാമത്തെ കത്തിൽ *വേറൊരു ലേഖകൻ* എന്നു കാണിച്ചിരിക്കുന്നതിനാൽ രണ്ടു പേരും കത്തുകൾ എഴുതി എന്നനുമാനിക്കാം. 1934-ലെ *യെറുശലേം യാത്ര* എന്ന



മുഖചിത്രം: 1923-ലെ മർദ്ദീൻ യാത്രാമദ്ധ്യേ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് അറാമൻ മലങ്കര മെത്രാപ്പോലീത്തായ്ക്ക് മൂസലിൽ നൽകിയ സ്വീകരണം.

തന്റെ പിൽക്കാല കൃതിയുടെ അടിസ്ഥാനത്തിൽ ചെറിയമഠത്തിൽ മല്പാന് മുൻതൂക്കം ലഭിക്കുമെങ്കിലും സ്ഥിരീകരിക്കാൻ മറ്റു തെളിവുകളോന്നുമില്ല. ഇരുവരും ഈ യാത്രയേപ്പറ്റി പേരുവെച്ചെഴുതിയ ഇതര ലേഖനങ്ങളും അക്കാലത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട് താനും. ഇവയാകാം ഏവരത്തുകിഴക്കതിൽ കോർഎപ്പിസ്ക്കോപ്പാ അവലംബിച്ചത്.

ഒരു സമൂഹം മുഴുവൻ ആകാംക്ഷാപൂർവം കാത്തിരുന്ന മർദ്ദീൻ യാത്രയെപ്പറ്റി അക്കാലത്ത് ലഭ്യമായ എല്ലാ രേഖകളും സമാഹരിച്ച് പ്രസിദ്ധീകരിയ്ക്കുകയാണ് *മാർ ദീവന്നാസ്യോസ് ആറാമന്റെ മർദ്ദീൻ യാത്ര* എന്ന ഈ കൃതിയിൽ. ഈ ലേഖനങ്ങൾ മാത്രമല്ല, കല്പനകൾ, പ്രസംഗങ്ങൾ, ടെലിഗ്രാമുകൾ, വാർത്തകൾ എന്നിവയും ലഭ്യമായതെല്ലാം ചേർത്തിട്ടുണ്ട്.

അതോടൊപ്പം 1931-ൽ അന്ത്യോഖ്യാ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് ഏലിയാസ് ത്രിതീയൻ നടത്തിയ ഇന്ത്യാ സന്ദർശനത്തിന്റെ യഥാർത്ഥ പശ്ചാത്തലത്തേപ്പറ്റി ഫാ. ഡോ. ബി. വർഗീസിന്റെ ലേഖനവും ഈ കൃതിയുടെ ഭാഗമാണ്.

മലങ്കരസഭ ഒന്നായിരിക്കണം; അതിനെ വിഭജിക്കരുത് എന്ന മാർ ദീവന്നാസ്യോസിന്റെ നിർബന്ധബുദ്ധിയും അതിനായി അദ്ദേഹം സ്വയം ത്യജിക്കാൻ തയാറാകുന്നതും മാത്രമല്ല, മലങ്കര നസ്രാണികളുടെ സ്വാതന്ത്ര്യം അടിയറവെച്ച് തുർക്കികളുടെ ആത്മീയ കൊളോണിയലിസത്തിന് ഇനി വിധേയരാവില്ല എന്ന ഉറച്ച നിലപാടും ഈ രേഖകളിൽ ദർശിക്കാം.

അതിനേക്കാൾ ഉപരി, അക്കാലത്ത് തുർക്കിരാജ്യത്ത് നിലനിന്നിരുന്ന അരാജകത്വവും, ക്രിസ്ത്യാനികളുടേയും വിശിഷ്യാ, സുറിയാനിക്കാരുടെയും സ്ഥിതിയേപ്പറ്റിയുമുള്ള ദൃക്സാക്ഷി വിവരണങ്ങൾ എന്ന നിലയിലും *മാർ ദീവന്നാസ്യോസ് ആറാമന്റെ മർദ്ദീൻ യാത്ര* എന്ന ഈ കൃതിക്ക് പ്രാധാന്യമുണ്ട്.

മാർ ദീവന്നാസ്യോസ് ആറാമന്റെ മർദ്ദീൻ യാത്ര കൂടി പ്രസിദ്ധീകൃതമാകുന്നതോടെ ഒന്നൊഴികെ 1841 മുതൽ 1937 വരെ നസ്രാണികളുടെ മേല്പട്ടക്കാർ നടത്തിയ വിദേശയാത്രകളുടെ എല്ലാം വിവരണങ്ങൾ പ്രസിദ്ധീകൃതമാവുകയാണ്. ഇത് സഭാചരിത്രത്തിൽ മാത്രമല്ല പല വിഷയങ്ങളിലുള്ള താരതമ്യ പഠനത്തിനു ഉപകരിക്കും. ഇവയിൽ പ്രഥമ യാത്രയായ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ യാത്രാവിവരണം ലഭ്യമായിട്ടില്ല എന്നത് ഖേദകരമായിത്തന്നെ നിലനിൽക്കുന്നു.

(*പൈതൃകം: മലങ്കര സഭാ സാഹിതീ സരണി* പദ്ധതിയുടെ ഭാഗമായി 2019-ൽ എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച *മാർ ദീവന്നാസ്യോസ് ആറാമന്റെ മർദ്ദീൻ യാത്ര* എന്ന കൃതിയുടെ ആമുഖ പഠനം)

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വചനതീർത്ഥം



“നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും”

സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ.

വി. ലൂക്കോസ് 12: 13–21

ഫിലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

യേശുതമ്പുരാന്റെ പരസ്യശുശ്രൂഷ വേളയിൽ ഒരുവൻ വന്ന് യേശുതമ്പുരാനോട് പിതൃസ്വത്ത് പങ്കുവെയ്ക്കുന്നതുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുവാനായി ആവശ്യപ്പെടുന്നു. “ഗുരോ ഞാനുമായി അവകാശം പകുതി ചെയ്യുവാൻ എന്റെ സഹോദരനോടു കല്പിച്ചാലും.” യേശു അതിനു മറുപടിയായി അവനോടു ചോദിക്കുന്നു, “എന്നെ നിങ്ങൾക്ക് ന്യായകർത്താവോ പങ്കിടുന്നവനോ ആക്കിയതു ആർ? തർക്കങ്ങൾ ഉണ്ടാകുമ്പോൾ അതിന്റെ പരിഹാരത്തിനു മദ്ധ്യസ്ഥനെ സമീപിക്കുക എന്ന രീതി യഹൂദർക്കുണ്ടായിരുന്നു. അതുപോലെ പിതാവിന്റെ സ്വത്തിന്റെ അവകാശം പങ്കുവെക്കുന്നതിന് യഹൂദർക്ക് ചില നിയമങ്ങൾ ഉണ്ടായിരുന്നു. (ആവർത്തനം. 21:17). അതനുസരിച്ച് യേശു വിധിക്കുമെന്നാകും ആ അപേക്ഷകൻ കരുതിയത്. എന്നാൽ യേശുവിന്റെ മറുപടി “സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ചു ഒഴിഞ്ഞു കൊൾവിൻ. ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്” എന്നു പറഞ്ഞ് ധനവാനായ ഒരു മനുഷ്യന്റെ ഉപമ അവരെ പറഞ്ഞുകേൾപ്പിച്ചു. യേശു ഇവിടെ തർക്കത്തിൽ ഇടപെടാതെ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ മാർഗ്ഗമായി സ്വത്ത് വിനിയോഗിക്കേണ്ട വിധം പഠിപ്പിക്കുന്നു.

ധനവിനിയോഗം നമ്മെ ദൈവത്തിൽ സമ്പന്നരാക്കണം

ദൈവം നൽകുന്ന സമ്പത്തും നന്മകളും ഈ ലോകജീവിതത്തിനും സുഖത്തിനും മാത്രം ഉപയോഗിക്കാതെ നമുക്കു ലഭിക്കുന്ന സമ്പത്തു ദൈവനന്മയ്ക്കായി വിനിയോഗിക്കുവാൻ ഇടയാകണം. ഈ ധനവാന്റെ ഉപമ ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമുള്ള ഉപമയാണ്. ഇതു ഒരു ദൃഷ്ടാന്ത കഥയാണ്. സമ്പത്തിന്റെ ശരിയായ ഉപയോഗവും അത്യാഗ്രഹത്തിന്റെ അപകടവും ധനവാന്റെ ഭോഷത്തവും ഇതിൽ ചിത്രീകരിക്കുന്നു. ഭോഷനായ മനുഷ്യന്റെ പ്രവർത്തനവും ദൈവിക മനുഷ്യന്റെ പ്രവർത്തനവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കുന്നു. ലൂക്കോസ് 12: 13–21 യേശുവിന്റെ ഒരുപദേശ പ്രഭാഷണമാണ്. ധനവാനായൊരു മനുഷ്യൻ തന്റെ ഭൂമി നന്നായി വിളഞ്ഞപ്പോൾ അവൻ തന്നെ മനസ്സിൽ ചിന്തിക്കുന്നു. തന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരായ്കയാൽ ഞാൻ എന്റെ കളപ്പുരകളെ പൊളിച്ചു അധികം പണിതു എന്റെ വിളവുകളും വസ്തുവകകളും എല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ടു എന്നോടുതന്നെ അനവധി വസ്തുവക കൂട്ടിവച്ചിരിക്കുന്നതിനാൽ താൻ ആശ്വസിക്കുക, തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറയും. എന്നാൽ ദൈവം ഈ മനുഷ്യനോടു “മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിച്ചാൽ നീ ഒരുക്കിവച്ചതു ഒക്കെയും ആർക്കാണ്?” അത്യാഗ്രഹം നല്ലതല്ലെന്നും സമ്പത്ത് നിത്യജീവൻ ഉറപ്പുവരുത്തുന്നില്ലെന്നും യേശു ഇവിടെ സ്പഷ്ടമാക്കുന്നു.

നമുക്ക് ലഭിച്ചിരിക്കുന്ന സമ്പത്ത് പങ്കുവെക്കാനുള്ളതാണ്

മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കാതെ തിന്നും കുടിച്ചും ജീവിതം ആസ്വദിക്കാൻ ആഗ്രഹിക്കുന്നവരെ “ഭോഷൻ” എന്നാണ് ദൈവം വിളിക്കുക. തന്റെ സമ്പത്ത് സഹോദരങ്ങളുമായി പങ്കുവക്കാനുള്ളതാണ് എന്ന് ധനവാൻ ചിന്തിക്കുന്നില്ല. സ്വാർത്ഥത നിമിത്തം ഈ ലോകജീവിതത്തിന്റെ നശ്വരതയും നൈമിഷികതയും അയാൾ കണ്ടില്ല. അയാൾ തനിക്കു ലഭിച്ച സമ്പത്ത് സഹോദരങ്ങളുമായി പങ്കുവച്ചിരുന്നെങ്കിൽ സ്വർഗ്ഗത്തിൽ ധാരാളം നിക്ഷേപം കൂട്ടിവെക്കാമായിരുന്നു. യഹൂദവീക്ഷണത്തിൽ വിജാതിയരുടെ ഏറ്റവും വലിയ തിന്മയാണ് ധനമോഹം. അത് യഥാർത്ഥ ജീവൻ ഉറപ്പുവരുത്തുന്നില്ല എന്ന് അനേക തവണ യേശു വ്യക്തമാക്കിയിട്ടുണ്ട്.


സമ്പത്തിൽ സുരക്ഷനേടാൻ ശ്രമിക്കുന്ന ഈ ധനികൻ തനിക്കുവേണ്ട വിഭവങ്ങൾ ആവശ്യത്തിൽ കൂടുതൽ സംഭരിക്കപ്പെട്ടിരിക്കുന്നതിനാൽ ഇനിയും ‘വിശ്രമിക്കുക തിന്നു കുടിച്ച് ആനന്ദിക്കുക’ എന്നു ചിന്തിക്കുന്നു. എന്നാൽ ഈ ചിന്താഗതി ദൈവസന്നിധിയിൽ ഭോഷത്വമാണ്. മരണത്തോടെ ഒരുവന് ഈ ലോകത്തിലെ സമ്പത്തിന്മേലുള്ള അധികാരം നഷ്ടപ്പെടുന്നു. നിത്യജീവൻ ലൗകിക സമ്പത്തിനെയല്ല ദൈവീക കൃപയിലാണ് കൂടുതൽ ആശ്രയിക്കുന്നത്. ഈ ഉപമയിലെ ധനികന് കൂടുതൽ ധാന്യങ്ങൾ, സമ്പത്ത് ലഭിക്കുന്നതോടെ ജീവിതത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ കൂടുതൽ വർദ്ധിക്കുകയാണ് ചെയ്തത്.

ധനികന്റെ സ്വപ്നങ്ങൾ നിമിഷനേരത്തിനുള്ളിൽ തകരുന്നു. ധനികൻ ആശ്രയിച്ച ഭൗമിക ജീവൻ ജീവന്റെയും മരണത്തിന്റെയും നാഥനായ ദൈവം എടുക്കുന്നു. നിത്യജീവനുവേണ്ടി ഒന്നും സമ്പാദിക്കാത്തതിനാൽ അയാൾക്ക് എല്ലാം നഷ്ടപ്പെടുന്നു. ദൈവസന്നിധിയിൽ സമ്പന്നനാവുക എന്നതായിരിക്കണം നമ്മുടെ ജീവിതലക്ഷ്യം. ഭൗമിക സമ്പത്ത് നമ്മുടെ സ്വാർത്ഥ താൽപര്യങ്ങൾക്ക് ഉപയോഗിക്കാതെ സഹോദരസ്നേഹത്തിനും സഹോദരനന്മയ്ക്കും ഉപയോഗിക്കണം. അപ്പോൾ നാം സ്വർഗ്ഗീയ സമ്പന്നതയുള്ളവരായി മാറും. “എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങൾ ചിന്തിച്ച് ചഞ്ചലപ്പെടരുത്. ഈവക ഒക്കെയും ലോകജാതികൾ അന്വേഷിക്കുന്നു. നിങ്ങളുടെ പിതാവോ ഇവ നിങ്ങൾക്ക് ആവശ്യം എന്നു അറിയുന്നു. കള്ളൻ അടുക്കുകയോ പുഴു കെടുക്കുകയോ ചെയ്യാത്ത സ്വർഗ്ഗത്തിൽ പഴകിപ്പോകാത്ത മടിശ്ശീലകളും തീർന്നുപോകാത്ത നിക്ഷേപവും നിങ്ങൾക്ക് ഉണ്ടാക്കിക്കൊൾവിൻ. നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും (വി. ലൂക്കോസ് 12:29 –34).”


മനുഷ്യൻ തന്റെ ജീവിതത്തിൽ നിത്യജീവൻ കൈവരിക്കാനുതകുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകണം. ശരീരത്തിന്റെ ബാഹ്യമായ പുഷ്ടിക്കും വളർച്ചയ്ക്കുമായി കരുതുകയല്ല പരമപ്രധാന സംഗതി. ദൈവീക കാര്യങ്ങളിൽ സമ്പന്നനാകുമ്പോൾ മാത്രമേ ഒരുവൻ താനാരാണെന്ന് കണ്ടെത്തിയതായി തോന്നൂ. ദൈവീക കാര്യങ്ങളിൽ സമ്പന്നനാകുമ്പോൾ, വസ്തുവകയും, സമ്പത്തും മറ്റുള്ളവരുമായി പങ്കുവെക്കുവാൻ സന്നദ്ധതയുണ്ടാകും. ധനം നന്മയോ തിന്മയോ അല്ല. അതു മനുഷ്യന്റെ നന്മയ്ക്കും പ്രയോജനത്തിനുമായി ദൈവം നൽകിയിട്ടുള്ളതു തന്നെ. സമ്പത്തു ദൈവം നമ്മെ ഏല്പിച്ചിട്ടുള്ളതാണ്. ഉചിതമായും ഫലപ്രദമായും സ്വന്തം കാര്യത്തിനെന്നപോലെ സമൂഹത്തിന്റെ നന്മയ്ക്കും ഭദ്രതയ്ക്കും ഉതകുവാനായിട്ടാണ് അത് ഉപയോഗിക്കേണ്ടത്. ഒരു മനുഷ്യനെപ്പറ്റി രണ്ടു കാര്യങ്ങൾ അറിയാൻ കഴിയണം. അവ അറിഞ്ഞാൽ അവന്റെ സ്വഭാവവും വ്യക്തിത്വവും എങ്ങനെയുള്ളതാണെന്ന് നമുക്കു വിലയിരുത്തുവാൻ സാധിക്കും. ഒന്ന്, അയാൾ ധനം എങ്ങനെ സമ്പാദിക്കുന്നു; രണ്ട്, അയാൾ ധനം എങ്ങനെ വിനിയോഗിക്കുന്നു. ഇവ ആ വ്യക്തിയുടെ നിലവാരത്തെപ്പറ്റിയും, ലക്ഷ്യത്തെപ്പറ്റിയും, യഥാർത്ഥ ആത്മീയതയെപ്പറ്റിയും വ്യക്തമായി വിലയിരുത്തുവാൻ നമുക്ക് സാധിക്കും. ആയതിനാൽ ദൈവം നൽകിയിരിക്കുന്ന സമ്പത്തിനെ മനുഷ്യനന്മയ്ക്കായി വിനിയോഗിക്കുവാൻ നമുക്ക് സാധിക്കട്ടെ.

❑

പുസ്തകം



The Unity of the Churches: Ecumenism
Dr Paulos Mar Gregorios
Publishers: Mar Gregorios Foundation,
Orthodox Seminary, Kottayam
Price: Rs. 200.00



പരിശുദ്ധ മാതാവ് മതഗ്രന്ഥങ്ങളിലൂടെ

അഡ്വ. വർഗീസ് പി. തോമസ്

പരിശുദ്ധ കന്യക മറിയമിനെപ്പറ്റി ഉയർന്നു വന്നിട്ടുള്ള ചിന്താധാരകളെയും വേദശാസ്ത്ര നിരീക്ഷണങ്ങളെയും ലളിതമായി ഓരോ അധ്യായത്തിലും അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശ്വസിക്കുകയാണ്.

120 പേജ്, വില 140.00 രൂപ
പ്രസാധകർ: എം.ഒ.സി. പബ്ലിക്കേഷൻസ്, കോട്ടയം.



ചെങ്ങന്നൂർ ഭദ്രാസന സുവർണ്ണ ജൂബിലി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനായി ഓഫിസ് തുറക്കപ്പെട്ടു. ഡോ. മാത്യൂസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്തു. ഓഫിസ് സെക്രട്ടറിയായി ഫാ. ജിജോ ജോയി നിയമിതനായി. ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, കൗൺസിൽ അംഗങ്ങൾ, വൈദികർ എന്നിവർ സന്നിഹിതരായിരുന്നു.



ഗീവർഗീസ് മാർ പീലക്സിനോസ് ബാംഗ്ലൂർ ഭദ്രാസനകേന്ദ്രത്തിൽ എത്തി എബ്രഹാം മാർ സെറാഫീമിൽ നിന്നും ബാംഗ്ലൂർ ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി ചുമതല ഏറ്റെടുത്തു.

ടി. പി. ജോർജുകുട്ടി അന്തരിച്ചു




കോത്തല: റബർ ബോർഡ് അംഗം പാടത്തു മാപ്പിള കുടുംബാംഗം തറക്കുന്നേൽ ടി. പി. ജോർജുകുട്ടി (63) അന്തരിച്ചു. സംസ്കാരം കോത്തല സെഹിയോൻ ഓർത്തഡോക്സ് പള്ളിയിൽ നടത്തി.

ന്യൂനപക്ഷ മോർച്ച കോട്ടയം ജില്ലാ സെക്രട്ടറി, കോത്തല നാഷനൽ റീഡിങ് റൂം സെക്രട്ടറി, കോത്തല ആർപിഎസ് പ്രസിഡന്റ്, കെ. എസ്. എസ്. മെമ്പർ, മനനം മാസിക പത്രാധിപർ, കോത്തല സെഹിയോൻ ഓർത്തഡോക്സ് പള്ളി സെക്രട്ടറി, സൺഡേ സ്കൂൾ അധ്യാപകൻ, പ്രാർത്ഥനയോഗം സെക്രട്ടറി, യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. മലങ്കര സഭാ സമാധാനത്തിനായി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി.

ചങ്ങനാശേരിയിൽ 'ബുക്ക് വേവ്' എന്ന പേരിൽ പുസ്തകശാല നടത്തിയിരുന്നു. മനോരമയിൽ പ്രൂഫ് റീഡർ ആയി പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ: മീനടം തോണിപ്പുരയ്ക്കൽ ആഷ ജോർജ്. മക്കൾ: ജിയാഷ് ജി. ഫിലിപ്പോസ്, സോനാ സൂസൻ (ഐസർ തിരുവനന്തപുരം).

Church Calendar



"Being Just, Being Rich"

(Fourth Sunday after the Feast of Holy Cross) Luke 12:13-21

Fr. Geevarghese Thomas

In this passage, Lord Jesus Christ emphasizes the gravity of being modest with the worldly riches. The yearn for abundance of possessions which is encapsulated in the idea of modern prosperity, makes us poor towards God. In our life economy, there has to be abundance of Divine witnesses. Just like a rain drop looses its identity to assimilate in the ultimate water body, the creation has the potential to take part in the Divine states of Love, Peace, Bliss, and Eternity, in which the Holy Triune God exist perpetually with no beginning and end. But, to obstruct God's creation, one of the essential dynamics of the evil (in this world) is to fool and confuse the creation through lust-love, greed-peace, prosperity-bliss and the indifference-eternity. The evil who crafted the worldly riches, divides the creation. And to combat this unjust nature of the evil, the sovereign God in His nature of being just, offers the justice of victory, fulfilment and glory, through humility, fellowship and suffering respectively. He realised victory through humility; He effectuated our fulfilment in the Mystical Communion and Christian fellowship; He achieved eternal glory through suffering. But, in lack of spiritual watchfulness, we end up being snatched in the unjust ways of the evil. One of the aspects of this unjust way is beautifully taught by Lord Jesus Christ in this parable.

Reflections

1. Perceive God's justice in our lives to be rich towards God.

The unknown person mentioned in the passage was indeed inspired in some way by Jesus' teachings and interventions in the life of common people. He rightly addresses Jesus Christ as "Teacher". Jesus' disciples called Him "Teacher" too. But, this man couldn't perceive Jesus' teachings for inheriting the wealth transcending this world. He was disturbed by the injustice of not obtaining the possessions from his brother. His heart and mind were only confined to obtain the material possessions and were not watchful to seek God's wisdom and justice in inheriting the heavenly treasures. In the entire Divine Economy of the Son of God, each and every word and action manifested God's justice in relation to the salvation of humankind. The justice of God is realised in the freedom of humankind and in the inheritance of the eternal glory. But, when wealth and possessions are prioritised, we fail to perceive the interventions and experiences of God's justice, which makes us rich with heavenly treasures.

Jesus asks him, "Man, who appointed me a judge or an arbiter between you?" (Verse 14). While, in His relationship with God the Father, Jesus is been given the authority to judge this world. "And he has given him authority to judge because he is the Son of Man. Do not be amazed at this, for a time is coming when all who are in their graves will hear his voice and come out—those who have done what is good will rise to live, and those who have done what is evil will rise to be condemned. By myself I can do nothing; I judge only as I hear, and my judgment is just, for I seek not to please myself but him who sent me" (John 5:27-30). Jesus Christ is the universal arbitrator, who will not only judge us in His second coming, but he does constantly intervene in our humble lives to effectuate justice in our life. This justice is effected in the dispute and dissension between the flesh and the spirit. But, we must discern and perceive His justice through His interventions and experiences in our lives. God's justice or righteousness is theological synonym to God's mercy. In Orthdodxy, God is always unchanging with His nature of mercifulness. It is our feeble reason and the righteousness defined by our lower "self", which stupefy God's mercy in our lives. One of the beautiful prayers which priest recites from the Divine Liturgy of St. James is thus- "O God the Father, Who by Thy great and indescribable love towards mankind didst send Thy Son into the world to bring back the sheep that had gone astray. Reject not Thou, my Lord, this bloodless sacrifice; for we rely not on our own righteousness but on Thy mercy. And grant that this Sacrament, which was instituted for our salvation, be not for our condemnation but that we thereby receive remission of our sins and may render, due praise and thanksgiving unto Thee and unto Thy Only-begotten Son and unto Thy Holy Spirit, all-holy and good and adorable and life-giving, who is of one substance with-Thee, now and forever, world without end." We must perceive and shift God's justice as superlative, than our own righteousness pertaining to material richness. The greater we perceive God's justice in fulfilment of His "Likeness" in our mortal state, the more we become richer towards God. This is what Jesus says- "This is how it will be with whoever stores up things for themselves but is not rich toward God" (Luke 12:21).

Conclusion

As, we advance in the advancements of this world, we must be watchful of the unjust ways which mislead our heart and mind in obtaining material wealth in abundance. We must constantly realise and be in relation with "the Teacher" who works justice in our humble lives to make us rich in the eternal dwellings. May God bless us.



67–ാമത് കേരള സ്റ്റേറ്റ് സീനിയർ ചാമ്പ്യൻഷിപ്പിൽ 5000 മീറ്ററിൽ റെക്കോർഡോടു കൂടി സ്വർണ്ണം കരസ്ഥമാക്കുകയും, 10000 മീറ്ററിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്ത ചെങ്ങന്നൂർ ഭദ്രാസനത്തിലെ നെല്ലിക്കൽ സെന്റ് മേരീസ് ഇടവകാംഗമായ റീബ അന്ന ജോർജ്ജ്.



മരത്തംകോട് മാർ പീലക്സിനോസ് മെമ്മോറിയൽ സ്കൂളിലെ നവീകരിച്ച പാചകശാലയും സ്റ്റോറും ഉദ്ഘാടനം ഡോ. ഗീവർഗീസ് മാർ യൂലിയോസ് നിർവ്വഹിച്ചു.

സുപ്രീംകോടതിവിധി എത്രയുംവേഗം നടപ്പിലാക്കിയേ മതിയാകൂ എന്ന് ഹൈക്കോടതി

കൊച്ചി: അങ്കമാലി ഭദ്രാസനത്തിലെ പുളിന്താനം, ഓടക്കാലി, മഴുവന്നൂർ പള്ളികളുമായി ബന്ധപ്പെട്ട കോടതിയലക്ഷ്യ ഹർജികൾ പരിഗണിച്ചപ്പോഴാണ് ഹൈക്കോടതി മലങ്കരസഭാ കേസിലെ സുപ്രീംകോടതി വിധി ഈ പള്ളികളിൽ എത്രയും വേഗം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടത്.

രണ്ടാഴ്ചയ്ക്കകം വിധിയിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ രണ്ടാഴ്ചയ്ക്കുശേഷം ഹർജികൾ പരിഗണിക്കാനായി മാറ്റി.

ഓർത്തഡോക്സ് സഭയ്ക്ക് വേണ്ടി സീനിയർ അഭിഭാഷകൻ എസ്. ശ്രീകുമാറും, അഡ്വ.റോഷൻ ഡി അലക്സാണ്ടറും ഹാജരായി



അയ്യംപറമ്പ് ബഥേൽ കുന്നിലെ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ഹൗസിംഗ് പ്രോജക്ടിലെ പുതിയ കോൺക്രീറ്റ് റോഡിന്റെ ഉദ്ഘാടനം ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് നിർവ്വഹിച്ചു.



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് ചെയറിന്റെ ആഭിമുഖ്യത്തിൽ ഫാ. ഡോ. എം. പി. ജോർജിന്റെ ശാസ്ത്രീയ സംഗീത കച്ചേരി നടത്തി. വൈസ് ചാൻസലർ സി. റ്റി. അരവിന്ദകുമാർ, മുൻ വൈസ് ചാൻസലർ ഡോ. സാബു തോമസ് തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

ഡോ. പ്രസാദ് ചീരന് ലെഫ്റ്റനന്റ്



പ്രൊഫസർ ഡോ. പ്രസാദ് ജോസഫ് ചീരൻ നാഗ്പൂർ എൻ.സി.സി. ഓഫീസ് ട്രെയിനിങ് അക്കാദമിയിൽ നിന്നും പരിശീലനം പൂർത്തിയാക്കി ലെഫ്റ്റനന്റ് പദവി നേടി. അങ്കമാലി ഫിസാറ്റ് എൻജിനീയറിങ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ 17 വർഷമായി സേവനം ചെയ്തു വരുന്നു. ക്യാഷ്ലെസ്സ് ട്രാൻസ്ലേഷൻസ് എന്ന വിഷയത്തിൽ വിവിധ ക്ലബ്ബുകളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ തൃശ്ശൂർ, എറണാകുളം ജില്ലകളിലായി അമ്പതോളം സെമിനാറുകൾ നടത്തിയിട്ടുണ്ട്. ഫിസാറ്റിൽ ആദ്യമായി ആരംഭിച്ച എൻ.സി.സി. പ്രസ്ഥാനത്തിന്റെ പ്രഥമ ഓഫീസറാണ്. ഫെഡറൽ ബാങ്കിൻറെ സി.എസ്.ആർ. ഡിവിഷൻ 13 കോടി രൂപയാണ് മൂക്കന്നൂർ പഞ്ചായത്തിൽ ക്ലീൻ മൂക്കന്നൂർ എന്ന പദ്ധതിക്ക് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ എൻ.സി.സി ക്ക് നിർണായകമായ പങ്കുവഹിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നതായി ഡോ. പ്രസാദ് അറിയിച്ചു.

പഴഞ്ഞി കത്തീഡ്രൽ ഇടവകയിലെ ഫാ. ഡോ. ജോസഫ് ചീരൻ – ഏലിയാമ്മ ദമ്പതികളുടെ മകനാണ്. അങ്കമാലി ഭദ്രാസനത്തിന്റെ ബാലസമാജം സെക്രട്ടറി, സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ആലുവ ജില്ലയുടെ സെക്രട്ടറി, മദ്ബഹാ ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചുവരുന്നു

ഫിസാറ്റിൽ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻ ഡിപ്പാർട്ട്മെൻറ് മേധാവിയായി പ്രവർത്തിക്കുന്ന പ്രൊഫസർ ഡോ. ദീപ പ്രസാദ് സഹധർമ്മിണിയാണ്.



The MGOCSM CCET Bhilai Unit organized a one-day conference on 2nd October 2023, in commemoration of 100th birth Anniversary of Dr. Stephanos Mar Theodosius. Fr. Aju Varghese, the President of CCET Unit, extended a warm welcome to all participants and Fr. Thomas Ramban, the Vice President of St. Thomas Mission, inaugurate the event. Fr. John Elias OIC, the Director of Bethany Nursing College, conducted an enlightening session on the topic of 'knowledge,' reminding us of the importance of continuous learning and spiritual growth.



പൊത്തൻപുറം മാത്യൂസ് മാർ ഈവാനിയോസ് ഐ.റ്റി.ഐ. യുടെ പുതിയ പ്രിൻസിപ്പാൾ ആയി ചുമതലയേറ്റ മീനടം വലിയ പള്ളി ഇടവകാഗം ഷാജി കുര്യൻ (സാജൻ മാത്തൂർ).



പാമ്പാടി മാർ കുറിയാക്കോസ് ദയറായ്ക്കു പുതിയ സാരഥികൾ

പാമ്പാടി: മാർ കുറിയാക്കോസ് ദയറായുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ചുമതല ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസിന്റെയും വൈദികർ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ കൈമാറി. ചുമതലയിൽ നിന്ന് വിരമിക്കുന്ന ഫാ. മാത്യു കെ. ജോൺ, ഫാ സി. എ. വർഗീസ് എന്നിവർക്ക് മെത്രാപ്പോലീത്താ നന്ദി അറിയിക്കുകയും, പുതുതായി ചുമതല ഏറ്റെടുക്കുന്ന ഫാ. അനൂപ് എബ്രഹാം, ഫാ. വിൻസൺ വർഗീസ് എന്നിവരെ സ്വാഗതം ചെയ്യുകയും ചെയ്തു.



പഴഞ്ഞി കത്തീഡ്രലിൽ പ. യെൽദോ മാർ ബസേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാളിനോട് അനുബന്ധിച്ച് പെങ്ങാമുക്ക് സെൻറ് പീറ്റേഴ്സ് & സെൻറ് പോൾസ് ഓർത്തഡോക്സ് പഴയ പള്ളിയിൽ നിന്നും നടത്തിയ തീർത്ഥാടന പദയാത്രയ്ക്ക് പഴഞ്ഞി പള്ളിയുടെ വടക്കേ പടിപ്പുരയിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, കോതമംഗലം മാർ ത്തോമൻ ചെറിയപള്ളി വികാരി തോമസ് പോൾ റമ്പാൻ, ജ്യോതിസ് ആശ്രമം മാനേജർ ഫിലിപ്പോസ് റമ്പാൻ, പഴഞ്ഞി കത്തീഡ്രൽ വികാരി ഫാദർ ജോൺ ഐസക്, കൈസ്ഥാനി സന്തോഷ് സി. ജെ., സെക്രട്ടറി സലിൻ സി. സൈമൺ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.



കുര്യൻ മാത്യൂസ് അന്തരിച്ചു

മുംബൈ: ബ്രാൻഡിങ് വിദഗ്ധൻ കോട്ടയം വേളൂർ കൊണ്ടക്കേരിൽ കുര്യൻ മാത്യൂസ് (59) മുംബൈയിൽ അന്തരിച്ചു. സംസ്കാരം അവിടെ നടത്തി.

അനുസ്മരണ ശുശ്രൂഷ ഞായറാഴ്ച (8/10/2023) രാവിലെ 8.30 നു വി. കുർബാനയെ തുടർന്ന് 11 മണിക്ക് കോട്ടയം പുത്തൻപള്ളിയിൽ നടക്കും.

പരസ്യ മേഖലയിലെ ശ്രദ്ധേയ സ്ഥാപനമായ മെറ്റൽ കമ്യൂണിക്കേഷൻസ് ചെയർമാനും മാനേജിങ് ഡയറക്ടറുമാണ്. പരസ്യ ബ്രാൻഡിങ് മേഖലയിൽ മൂന്നര പതിറ്റാണ്ടിലേറെ പ്രവർത്തന പരിചയമുള്ള കുര്യൻ മാത്യൂസ് ബ്രാൻഡ് സ്ട്രാറ്റജി, ഡിജിറ്റൽ മാർക്കറ്റിങ് മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ചിട്ടുണ്ട്. സോണി, നിവിയ, ലിംക, അമുൽ, സാംസണൈറ്റ്, ബജാജ് അലയൻസ്, ഇലക്ട്രലക്സ് തുടങ്ങിയ വൻകിട ബ്രാൻഡുകളുടെ പ്രചാരണത്തിൽ നിർണായക പങ്കു വഹിച്ചിട്ടുണ്ട്.


1988–ൽ കുര്യൻ മാത്യൂസിന്റെ കൂടി പങ്കാളിത്തത്തിൽ തുടങ്ങിയ ആന്തം കമ്യൂണിക്കേഷൻസ് പിന്നീട് രാജ്യാന്തര പരസ്യ ഏജൻസിയായ ടിബിഡബ്ല്യുഎ യിൽ ലയിപ്പിച്ചു. 350 ജീവനക്കാരും വിവിധ നഗരങ്ങളിൽ ഓഫിസുകളുമായി രാജ്യത്തെ ഏറ്റവും വലിയ പരസ്യ സ്ഥാപനങ്ങളിലൊന്നായി ടിബിഡബ്ല്യുഎ വളർന്നു. അഡ്വർടൈസിങ് ഏജൻസീസ് അസോസിയേഷൻ ഓഫ് ഇന്ത്യ മാനേജിങ് കമ്മിറ്റി അംഗമായിരുന്നു. സിറ്റിസൻസ് ഫോർ പീസ്, ദ് സുഭാഷ് ഘോഷാൽ ഫൗണ്ടേഷൻ എന്നിവയുടെ ട്രസ്റ്റിയായും പ്രവർത്തിച്ചു. ഇവാൻ ആർതറുമാ യി ചേർന്ന് 'ബ്രാൻഡ്സ് അണ്ടർ ഫയർ' എന്ന പുസ്തകവും രചിച്ചു. കോട്ടയം ചെറിയപള്ളിയാണ് മാതൃ ഇടവക.

ഭാര്യ: അഞ്ജു (എച്ച്ആർ, ഒനികോം മീഡിയ). മക്കൾ: നൈന (ന്യൂഡൽഹി), അമൻ (ലണ്ടൻ). മരുമക്കൾ: ആയുഷ്, റിയ.



റെന്നി പി. വർഗീസ് പാമ്പാടി കെ. ജി. കോളജിന്റെ പ്രിൻസിപ്പലായി ചുമതലയേറ്റു. കൈപ്പട്ടൂർ ഇടവക അംഗവും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ അംഗവുമാണ്.

വാഴനാരിൽനിന്ന് പ്ലൈവുഡ് യുവ ഗവേഷകൻ ഡോ. റിറ്റിന് പേറ്റന്റ്



ഫിലിപ്പീൻസിൽ കാണുന്ന വാഴയിനമായ അബാക്കായുടെ നാര് ഉപയോഗിച്ച് ഉയർന്ന ഗുണനിലവാരത്തിൽ ലാഭകരമായി വ്യവസായ ഉൽപന്നങ്ങൾ ഉണ്ടാക്കാമെന്നു കണ്ടെത്തി മലയാളി ഗവേഷകൻ പേറ്റന്റ് സ്വന്തമാക്കി. പാത്താമുട്ടം സെന്റ് ഗിറ്റ്സ് കോളജ് ഓഫ് എൻജിനീയറിങ്ങിലെ മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം അസി. പ്രഫസർ ഡോ. റിറ്റിൻ ഏബ്രഹാം കുര്യനാണു പേറ്റന്റ് നേടിയത്.

ഈ നാര് പ്ലൈവുഡ് നിർമാണത്തിന് ഉൾപ്പെടെ ഉപയോഗിക്കാമെന്നാണു കണ്ടെത്തൽ. റിട്ടയേഡ് അധ്യാപകരായ എടത്വ ചെത്തിപ്പുരക്കൽ സി. എ. കുര്യന്റെയും സൂസൻ കുര്യന്റെയും മകനാണു റിറ്റിൻ.

മെക്കാനിക്കൽ എഞ്ചിനീയറിംഗിലും ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഡോ. റിറ്റിൻ എബ്രഹാം കുര്യൻ നിരണം ഭദ്രാസനത്തിൽ പെട്ട എടത്വാ പാണ്ടങ്കരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്. കോട്ടയം സെന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ വിഭാഗം അസ്സിസ്റ്റന്റ് പ്രൊഫസർ ആയി ജോലി ചെയ്യുന്നു.